**പതിനാലാം കേരളനിയമസഭ**

**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 145** | **04.06.2018-ൽ മറുപടിക്ക്** |
|---|---|

**വെറ്റിലപ്പാറ ഹയർ സെക്കണ്ടറി സ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്**

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പള്ളി പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളായ വെറ്റിലപ്പാറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നേരത്തേ അനുവദിച്ചിരുന്ന 'സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്' ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ)യും (ബി)യും | ചാലക്കുടി മണ്ഡലത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് ഹൈസ്കൂളിൽ 2015-16 അധ്യയന വർഷത്തിൽ എസ്.പി.സി. യൂണിറ്റ് അനുവദിച്ച് നൽകുകയും പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ടി സ്കൂളിലെ പ്രധാന അദ്ധ്യാപികക്കും മറ്റ് 2 അദ്ധ്യാപകർക്കും 2 പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി സ്കൂളിൽ കുട്ടികളുടെ അഭാവം മൂലം പദ്ധതി ആരംഭിക്കുന്നതിന് താൽപ്പര്യമില്ലെന്ന് സ്കൂൾ അധികൃതർ ബന്ധപ്പെട്ട ജില്ലാ അധികാരികളെ അറിയിച്ചതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സ്കൂൾ അധികൃതർ സന്നദ്ധത അറിയിക്കുന്ന പക്ഷം ടി സ്കൂളിൽ പദ്ധതി ആരംഭിക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നുംതന്നെയില്ല. |
| (ബി) | പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ കൂടുതലായി പഠിക്കുന്ന പ്രസ്തുത സ്കൂളിൽ എസ്.പി.സി. ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ ഒഴിവാക്കി എസ്.പി.സി. ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ